പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1625** 03.05.2017- ൽ മറുപടിയ്ക്ക്

**മരുന്നു വിതരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്നു വിതരണം കാര്യക്ഷമമാക്കുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്നു വിതരണം കാര്യക്ഷമമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ മരുന്നുകളുടെ ഇൻഡന്റ് ആരോഗ്യവകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും 2016 ഒക്ടോബർ മാസം തന്നെ സ്വീകരിച്ച് നവംബർ മാസം ദർഘാസ് നടപടികൾ ആരംഭിക്കുകയും 2017 ഫെബ്രുവരി മാസത്തോടുകൂടി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് മരുന്നുകളുടെ വിതരണ ഓർഡറുകൾ നൽകുകയുണ്ടായി. അതനുസരിച്ചുള്ള മരുന്നുകൾ 2017 ഏപ്രിൽ മാസം ആരംഭം മുതൽ തന്നെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ വിവിധ ജില്ലാ മരുന്നു സംഭരണശാലകളിൽ എത്തുകയും അവിടെനിന്നും സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾക്കും ആവശ്യമായ അളവിൽ വിതരണം നടത്തി വരുകയും ചെയ്യുന്നു. |
| (ബി) സർക്കാർ ആശുപത്രികളിലെ മരുന്നു ലഭ്യത നിരീക്ഷിക്കാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) സർക്കാർ ആശുപത്രികളിലെ മരുന്നു ലഭ്യത നിരീക്ഷിക്കുവാനായി ഓൺലൈൻ സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കിക്കൊണ്ട് 06.04.2017 ലെ സ.ഉ.(സാധാ) നം.1018/2017/ആകുവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സോഫ്റ്റ് വെയർ വഴി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മരുന്നുകളെ കൂടാതെ ആശുപത്രികൾ നേരിട്ടു വാങ്ങുന്ന മരുന്നുകളുടെ വിവരങ്ങളും നിരീക്ഷിക്കാവുന്നതാണ്. ആശുപത്രികളിലെ സ്ലോ മൂവിംങ് ഐറ്റംസ്, ഫാസ്റ്റ് മൂവിംങ് ഐറ്റംസ്, കാലഹരണപ്പെട്ടു പോകുന്ന മരുന്നുകളുടെ വിവരങ്ങൾ തുടങ്ങിയവ |

നിരീക്ഷിക്കുക വഴി മരുന്നുകൾ ഉപയോഗ ശൂന്യമായി കാലഹരണപ്പെടുന്നത് തടയുവാൻ സാധിക്കും. ആരോഗ്യ വകുപ്പിലെ ജില്ലാ-സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് സംസ്ഥാനത്തിലെ മരുന്നിന്റെ ലഭ്യത നിരീക്ഷിക്കുന്നതിനും, അത്യാവശ്യഘട്ടങ്ങളിൽ ഈ സോഫ്റ്റ് വെയർ മുഖാന്തിരം ആവശ്യമുള്ള മരുന്നുകൾ ഒരു ആശുപത്രിയിൽ നിന്നും മറ്റൊരു ആശുപത്രിയിലേയ്ക്ക് കൈമാറ്റം നടത്തി മരുന്നുകളുടെ ഉപയോഗം ഉറപ്പുവരുത്തുവാനും സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ